ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL5 /2022

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

**92 -ാം പുനരൈക്യവാർഷികവും സഭാസംഗമവും**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 92-ാം പുനരൈക്യവാർഷികവും സഭാസംഗമവും 2022 സെപ്തംബർ 21 -ാം തീയതി നാം ആഘോഷിക്കുകയാണ്. നമ്മുടെ സഭക്ക് രണ്ട് പുതിയ മെത്രാന്മാരെക്കൂടി ലഭിച്ച വർഷമാണല്ലോ ഇത്. സഭയുടെ കൂരിയാ മെത്രാനായി അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവും തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായ മെത്രാനായി അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് പിതാവും അഭിഷിക്തരായി എന്നതിൽ നാമേവരും സന്തോഷിക്കുന്നു, സഭയായി ദൈവ തിരുമുമ്പാകെ നന്ദി പറയുന്നു. കൂടുതൽ ജാഗ്രതയോടെ സഭാ ശുശ്രൂഷകൾക്കായി നമ്മെത്തന്നെ സമർപ്പിക്കാനുള്ള അവസരമാണിത്. ഈ അവസരത്തിൽ ദൈവതിരുമുമ്പാകെ കൃതജ്ഞതയോടെ നാം ഒന്നു ചേരുമ്പോൾ ദൈവത്തിന്റെ അനന്തപരിപാലനയിൽ പുനഃരൈക്യത്തിന് വലിയ സ്ഥാനമുണ്ടെന്ന് ഒരിക്കൽക്കൂടി നാം തിരിച്ചറിയുകയാണ്. കരുണാമയനായ ദൈവം പുനരൈക്യപ്രസ്ഥാനത്തെ സ്വീകരിച്ച്

അനുഗ്രഹിച്ചു എന്നതിന്റെ പ്രകടമായ തെളിവാണല്ലോ നമ്മുടെ സഭയുടെ അഭിമാനകരമായ ഈ വളർച്ച. പുനഃരൈക്യപ്പെട്ടസഭ വളരെ ചെറിയ ഒരു കൂട്ടമായി 1930-ൽ ആരംഭിക്കുമ്പോൾ ദൈവപരിപാലനയിലുള്ള ആഴമായ വിശ്വാസം മാത്രമായിരുന്നു ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനും കൂടെയുണ്ടായിരുന്നവർക്കും മുതൽക്കൂട്ടായി ഉണ്ടായിരുന്നത്. അന്നുമുതൽ ഇന്നുവരെ നാം ഈ ദൈവപരിപാലനയുടെ ഉറപ്പും വിശ്വാസ്യതയും അനുഭവിച്ചു വരുകയാണല്ലോ.

ദൈവത്തിൽ പരിപൂർണമായി ആശ്രയിക്കുന്ന വ്യക്തികളിലൂടെ ദൈവത്തിന് വലിയകാര്യങ്ങൾ നിറവേറ്റാൻ സാധിക്കും എന്നതിനുള്ള നല്ല തെളിവാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ച. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സമർപ്പണവും സത്യോപാസനയും ദൈവാശ്രയവും ഉപകരണമാക്കിക്കൊണ്ട്, ഭിന്നതകളും കലഹങ്ങളും ഛിന്നഭിന്നമാക്കിക്കളഞ്ഞേക്കാമായിരുന്ന സാഹചര്യത്തിൽ നിന്ന് എടുത്തുയർത്തി, ഐക്യത്തിന്റെ പ്രതീകമായി ആഗോള സഭാ നഭസ്സിൽ ഒരു നക്ഷത്രമാക്കി മലങ്കരസഭയെ പ്രതിഷ്ഠിക്കുവാൻ ദൈവപരിപാലനക്കു സാധിച്ചു. കലഹങ്ങളും ഭിന്നതകളുമാകുന്ന പ്രക്ഷുബ്ധസാഗരത്തിൽപ്പെട്ടുഴലുന്ന ഏവർക്കും ഐക്യത്തിലേക്കും യോജിപ്പിലേക്കുമുള്ള മാർഗം തെളിച്ചു നൽകുക എന്ന ദൈവീകമായ ഉത്തരവാദിത്വത്തെക്കുറിച്ച് നമുക്ക് ബോധവാന്മാരാകാം. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഐക്യത്തിന്റെ പ്രവാചക ശബ്ദമായി നിലകൊള്ളാനുള്ള ഉത്തരവാദിത്തത്തെക്കുറിച്ച് എന്നത്തേക്കാളധികം ബോധവതിയാകേണ്ട ഒരു സമയമാണിതെന്ന് കാലഘട്ടം നമ്മെ അനുസ്മരിപ്പിക്കുന്നു. പുനരൈക്യനവതിയുടെ ഈ ധന്യനിമിഷത്തിൽ അഭിമാനപൂർവം നാം കാത്തുസൂക്ഷിച്ചു വരുന്ന ഐക്യത്തെ ഈ പുനരൈക്യവാർഷികാഘോഷം അരക്കിട്ടുറപ്പിക്കട്ടെ എന്നാശംസിക്കുന്നു. വ്യക്തികളായും സഭയായും നമുക്ക് ആഗോളകത്തോലിക്കാ സഭയുടെ നിയോഗങ്ങളോട് കൂടുതൽ ചേർന്ന് നിൽക്കാം.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദർശനവും ദൗത്യവും ജീവിതമാക്കി നമുക്ക് മുന്നേറാം. ഭൗതികതയുടെ അടിമത്തത്തിൽപെട്ട് ഭിന്നതകളിലേക്കും കലഹങ്ങളിലേക്കും വീണുപോയ സ്വസമുദായത്തെ ദൈവമാഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു സമൂഹമാക്കി മാറ്റുന്നതിന് ആത്മീയതയുടെ മാർഗമല്ലാതെ മറ്റൊന്നും ഫലപ്രദമല്ല എന്നു മനസിലാക്കി ആ വഴിയിലൂടെ സഭാസമൂഹത്തെ സുരക്ഷിതമായി നയിച്ച

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പാത പിന്തുടരുക എന്ന ലക്ഷ്യത്തോടെ ഈ വർഷത്തെ നാം സവിശേഷമായ വിധത്തിൽ നമ്മുടെ സഭയുടെ ആത്മീയ ഉത്ക്കർഷത്തിനായി സമർപ്പിച്ചിരിക്കുക യാണ്. ഈ പശ്ചാത്തലത്തിലാണ് നാം 92-ാംപുനരൈക്യവാർഷികം ആഘോഷിക്കുന്നുവെന്നത് നമ്മുടെ സഭാജീവിതത്തിനും പുനരൈ ക്യപ്രവർത്തനങ്ങൾക്കും കൂടുതൽ ദിശാബോധം നൽകുന്നു.


"മരണാനന്തരം സ്വർഗ്ഗത്തിൽ എത്തിയശേഷം എന്റെ അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി ദൈവസന്നിധിയിൽ ഞാൻ നിരന്തരം പ്രാർഥിച്ചുകൊണ്ടിരിക്കും" എന്നു പറഞ്ഞ് കടന്നു പോയ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥ ശക്തിയിൽ നിന്ന് നമുക്കു കരുത്താർജിക്കുകയും പുനരൈക്യപാതയിൽ കൂടുതൽ ചടുലതയോടെ മുന്നേറുകയും ചെയ്യാം.

ഈ വർഷത്തെ പുനരൈക്യ വാർഷികവും സഭാസംഗമവും തിരുവല്ല അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മാർ തിമോത്തിയോസ് നഗറിൽ സംഘടിപ്പിക്കുകയാണ്. 92-ാമത് പുനരൈക്യാഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്ന തിരുവല്ല അതിഭദ്രാസനത്തെ ഞാൻ ശ്ലാഘി ക്കുകയും അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെയും, ബഹു. വൈദികരെയും, സന്യസ്തരെയും ദൈവജനം മുഴുവനേയും നന്ദിയോടെ പ്രാർഥനയിൽ സമർപിക്കുകയും ചെയ്യുന്നു. ആഘോഷമായ പരിശുദ്ധ കുർബാനയിലും, അവിടെ സംഘ ടിപ്പിക്കപ്പെടുന്ന വിവിധ സംഗമങ്ങൾ, ദൈവശാസ്ത്ര സമ്മേളനം, സുവി ശേഷസംഘ പ്രാർഥനാ ശുശ്രൂഷ എന്നിവയിലും നിങ്ങളേവരുടെയും സാന്നിധ്യവും പങ്കാളിത്തവും ഉറപ്പുവരുത്തണമെന്ന് പ്രത്യേകം ഓർമി പ്പിക്കട്ടെ. പുനരൈക്യസംഗമ വേദികൾ നമ്മുടെ കൂട്ടായ്മയുടെ ചരിത്ര പരമായ സാക്ഷ്യത്തിന്റെ പ്രതിരൂപങ്ങളാണ്. അനുഗ്രഹീതമായ ഈ ആഘോഷങ്ങളിൽ പങ്കുചേർന്ന് പരിപാടികളെ സജീവമാക്കാനും വിജയിപ്പിക്കാനും സഭാമക്കൾക്കേവർക്കും ഉത്തരവാദിത്വമുണ്ട് എന്ന വസ്തുത ഏവരും ഓർക്കുമല്ലോ. കോവിഡ് മഹാമാരി കാരണം കഴിഞ്ഞ വർഷങ്ങളിൽ നമുക്കു ഒരുമിച്ചു വരുവാനും പുനരൈക്യവാർഷി കാഘോഷങ്ങൾ സജീവമാക്കാനും സാധിക്കാതെപോയത് വേദനാ ജനകമായ ഒരു ഓർമയാണെങ്കിലും ഈ വർഷം നമുക്ക് കൂടുതൽ ഊർജസ്വലതയോടെ പുനരൈക്യ വാർഷികത്തെ വരവേൽക്കുകയും വർദ്ധിച്ച ഉണർവോടെ ആഘോഷങ്ങളിൽ പങ്കുചേരുകയും അനുഗ്ര ഹീതരാവുകയും ചെയ്യാം.

നമ്മുടെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും മിഷ്യൻ കേന്ദ്രങ്ങളിൽ നിന്നും സമർപ്പിത ഭവനങ്ങളിൽ നിന്നും സാധിക്കുന്നവരെല്ലാം 2022 സെപ്തംബർ 21ന് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ (മാർ തിമോത്തിയോസ് നഗർ) അങ്കണത്തിൽ നടത്തപ്പെടുന്ന പുനരൈക്യവാർഷികാഘോഷങ്ങളിൽ സജീവമായി പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് ഏവരേയും സ്നേഹപൂർവം ഞാൻ ഉദ്ബോധിപ്പിക്കുന്നു. അന്നത്തെ വി. കുർബാനയിൽ എടുക്കുന്ന സ്തോത്രക്കാഴ്ച ഈ വർഷത്തെ പുനരൈക്യവാർഷികത്തിന് ആതിഥേയത്വം വഹിക്കുന്ന തിരുവല്ല അതിഭദ്രാസനത്തിന്റെ ജീവകാരുണ്യപ്രവർത്തികൾക്ക് നൽകുന്നതാണ്. വി. കുർബാനയിൽ സംബന്ധിക്കുന്ന ആരാധനാസമൂഹം മുഴുവൻ ഈ സമർപ്പണത്തിന് തയ്യാറായി വരണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമിപ്പിക്കുന്നു. വരും വർഷങ്ങളിലും ഒരു സജീവസാക്ഷ്യമായി നമുക്ക് ഇതു തുടരാം.

ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെയും അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
05.09.2022

*N.B: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*